**<u>15 -ാം കേരള നിയമസഭ</u>**

**<u>8 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6422</u>** **<u>20-03-2023 - ൽ മറുപടിയ്ക്ക്</u>**

**<u>വന്യമൃഗങ്ങളെ പിടിക്കുന്നതിനായി ടാസ്ക് ഫോഴ്സ്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീമതി ഉമ തോമസ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ജനവാസ മേഖലയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന കാട്ടാന ഉൾപ്പെടെയുള്ള വന്യമൃഗങ്ങളെ പിടിക്കുന്നതിനായി മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്; ഏതൊക്കെ വിഭാഗങ്ങളിൽ നിന്ന് എത്ര പേരെ ഉൾപ്പെടുത്തിയാണ് ഓരോ ടാസ്ക് ഫോഴ്സും രൂപീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ജനവാസ മേഖലയിൽ സംഘർഷം സൃഷ്ടിക്കുന്ന കാട്ടാന ഉൾപ്പെടെ യുളള വന്യമൃഗങ്ങളെ പിടിക്കുന്നതിനായി മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ വനം വകുപ്പിന്റെ കീഴിലെ വിവിധ വനംസർക്കിളുകളിലായി 26 ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുള്ള താണ്. ആയതിന്റെ സർക്കിൾ തിരിച്ച വിവരം ചുവടെ ചേർക്കുന്നു.<br><br>**<u>സതേൺ സർക്കിൾ കൊല്ലം</u>**<br><br>കൊല്ലം സതേൺ സർക്കിളിന്റെ പരിധിയിൽ കോന്നി ഡിവിഷനിൽഒരു സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, 14 ബീറ്റ് ഫോറസ്റ്റ് ഓഫീസർ എന്നിവരെ ഉൾപ്പെടുത്തി 28-07-2021-ൽ സ്പെഷ്യൽ ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുള്ളതാണ്.<br><br>**<u>ഹൈറേഞ്ച് സർക്കിൾ കോട്ടയം</u>**<br><br>ഇടുക്കി ജില്ലയിലെ ദേവികുളം റെയ്ഞ്ചിലെ ചിന്നക്കനാൽ, ശാന്തപാറഭാഗത്ത് ജനവാസ മേഖലയിൽ സംഘർഷം സൃഷ്ടിക്കുന്ന അരിക്കൊമ്പൻ എന്ന പേരിൽ അറിയപ്പെടുന്ന കാട്ടാനയെ പിടിക്കുന്നതിനായി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ച് 23.07.2017 മുതൽ 28.07.2017 വരെ ഒരു ഓപ്പറേഷൻ നടത്തിയിരുന്നു. ടി ഓപ്പറേഷനായി രൂപീകരിച്ച എക്സ്പേർട്ട് കമ്മിറ്റിയിൽ<br>ചുവടെ പറയുന്നവർ ഉൾപ്പെട്ടിരുന്നു.<br>1.ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ഹൈറേഞ്ച് സർക്കിൾ, കോട്ടയം<br>2.ഫീൽഡ് ഡയറക്ടർ, പെരിയാർ ടൈഗർ റിസർവ്വ്, കോട്ടയം<br>3.ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മൂന്നാർ<br>4.ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ, കോന്നി<br>5.അസി. ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ, വയനാട്<br>6.അസി. ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ, തേക്കടി. |

ടി ഓപ്പറേഷനിലെ ഉൾപ്പെട്ട മറ്റ് ടീം അംഗങ്ങളുടെ വിവരങ്ങൾ ചുവടെചേർക്കുന്നു.

1.റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ, ദേവികുളം
2.റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ, മൂന്നാർ
3.എലിഫന്റ് മാനേജ്മെൻറ് കമ്മിറ്റി - 3 അംഗങ്ങൾ
4.എലിഫന്റ് പട്രോളിംഗ് കമ്മിറ്റി - ടീം 1- 4 അംഗങ്ങൾ
5.എലിഫന്റ് പട്രോളിംഗ് കമ്മിറ്റി - ടീം 2- 4 അംഗങ്ങൾ
6.മെഡിക്കൽ ടീം - മെഡിക്കൽ ഓഫീസർ, സാമൂഹ്യ ആരോഗ്യ കേന്ദ്രം,രാജാക്കാട്
7.കുങ്കി ടീം -2 കുങ്കിയാനകൾ, 4 പാപ്പാൻമാർ
(കൂടാതെ ദേവികുളം റെയ്ഞ്ചിലെ എല്ലാ സ്റ്റാഫുകളും ടി ഓപ്പറേഷനിൽ പങ്കെടുക്കുന്നതിന് ഉത്തരവ് നൽകിയിരുന്നു) ഇടുക്കി ജില്ലയിലെ മൂന്നാർ വനം ഡിവിഷനിൽപ്പെട്ട ചിന്നക്കനാൽ, ശാന്തൻപാറ തുടങ്ങിയ ജനവാസമേഖലകളിൽ മനുഷ്യ- വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി ഹൈറെയിഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നേതൃത്വത്തിൽ വനം വകുപ്പിലെ വിവിധ തസ്തികകളിൽപ്പെട്ട 70 ഓളം ജീവനക്കാർ ഉൾപ്പെട്ട ഒരു ടീമിനെ നിയോഗിച്ചിട്ടുണ്ട്.

**<u>ഈസ്റ്റേൺ സർക്കിൾ, പാലക്കാട്.</u>**

പാലക്കാട് ഈസ്റ്റേൺ സർക്കിളിന്റെ പരിധിയിൽ മണ്ണാർക്കാട് ഡിവിഷനിലെ അഗളി റെയിഞ്ച് പരിധിയിൽ സംഘർഷം സൃഷ്ടിച്ച ആനയെ പിടികൂടുന്നതിനായി 2017-ൽ വനം വകുപ്പിലെ വിവിധ വിഭാഗങ്ങളിൽ നിന്നും 77 പേരെ ഉൾപ്പെടുത്തി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിരുന്നു.പാലക്കാട് ഡിവിഷനിലെ ജനവാസമേഖലകളിൽ പ്രശ്നം സൃഷ്ടിച്ചിരുന്ന പിറ്റി-7 എന്ന കാട്ടാനയെ മയക്കുവെടി വെച്ച് പിടികൂടുന്നതിനായി 2023 വർഷത്തിൽ വയനാട്ടിൽ നിന്നുള്ള ആർ.ആർ.റ്റി ടീം അംഗങ്ങൾ ഉൾപ്പെടെ പാലക്കാട് ഡിവിഷനിലെ ജീവനക്കാരെയും ചേർത്ത് 61 പേരെ ഉൾപ്പെടുത്തികൊണ്ട് ഒരു ദൗത്യ സംഘം രൂപീകരിച്ചിരുന്നു.

**<u>നോർത്തേൺ സർക്കിൾ, കണ്ണൂർ.</u>**

ജനവാസമേഖലയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന കാട്ടാന ഉൾപ്പെടെയുള്ള വന്യമൃഗങ്ങളെ പിടിക്കുന്നതിനായി മുൻ സർക്കാരിൻറെ കാലം മുതൽ നാളിതുവരെ കണ്ണൂർ നോർത്തേൺ സർക്കിളിൽ പ്രത്യേക ടാസ്ക് ഫോഴ്സുകൾ ഒന്നും രൂപീകരിച്ചിട്ടില്ല.എന്നാൽ

| | | | |
|---|---|---|---|
| | | | പ്രശ്നങ്ങൾ ഉണ്ടാകുന്ന മുറയ്ക്ക് വിവിധ സെക്ഷൻ/ സ്റ്റേഷൻ സ്റ്റാഫുകൾ, വെറ്റിനറി സർജൻ തുടങ്ങിയവരെ ഉൾപ്പെടുത്തിയാണ് ജനവാസമേഖല കളിൽ പ്രശ്നം സൃഷ്ടിക്കുന്ന വന്യജീവികളെ പിടികൂടുന്നത്.മുൻസർക്കാറിന്റെ കാലം മുതൽ നാളിതുവരെ ജനവാസമേഖലയിൽ പ്രശ്നം സൃഷ്ടിച്ച വന്യമൃഗങ്ങളെ പിടികൂടുന്നതിനായി നടത്തിയ ദൗത്യങ്ങളുടെ വിവരം അനുബന്ധം 1 ആയി ചേർക്കുന്നു.<br><br>**<u>വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട്.</u>**<br><br>പാലക്കാട് വൈൽഡ് ലൈഫ് സർക്കിളിൽ ജനവാസമേഖലകളിൽ സംഘർഷം സൃഷ്ടിക്കുന്ന കാട്ടാന ഉൾപ്പെടെയുള്ള വന്യമൃഗങ്ങളെ പിടികൂടുന്നതിനായി മുൻ സർക്കാരിൻറെ കാലം മുതൽ നാളിതുവരെ ടാസ്ക് ഫോഴ്സ് എന്ന പേരിൽ ഒരുസംഘത്തെ രൂപികരിച്ചിട്ടില്ല. എന്നാൽ നിലവിലുള്ള റാപ്പിഡ് റെസ്പോൺസ് ടീം സ്ഥിരം ജീവനക്കാരും താൽക്കാലിക ജീവനക്കാരുമുൾപ്പെടെ ടീമിൽ 15 പേരുണ്ട്.<br><br>ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ - 1<br>സെക്ഷൻ ഫോറസ്റ്റ് ഓഫീസർ - 2<br>ബീറ്റ് ഫോറസ്റ്റ് ഓഫീസർ - 5<br>റിസർവ്വ് ഫോറസ്റ്റ് വാച്ചർ - 1<br>ഡ്രൈവർ - 2<br>താല്കാലിക ജീവനക്കാർ - 4 |
| (ബി) | ഓരോ ടാസ്ക് ഫോഴ്സിന്റെയും പ്രവർത്തനത്തിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; എത്ര ടാസ്ക് ഫോഴ്സുകൾ ദൗത്യം വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ട്; ദൗത്യം പൂർത്തീകരിക്കാൻ സാധിക്കാത്ത എത്ര ടാസ്ക് ഫോഴ്സുകൾ ഉണ്ട്; അവ ഏതൊക്കെ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | മേൽപ്പറഞ്ഞ ടാസ്ക് ഫോഴ്സുകളുടെ പ്രവർത്തനത്തിനായി നാളിതുവരെ 60,06,768 രൂപ ചെലവഴിച്ചിട്ടുണ്ട്. ഒരെണ്ണമൊഴികെയുള്ള മറ്റു ടാസ്ക് ഫോഴ്സുകളുടെ ദൗത്യം വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ട്. വിശദ വിവരം അനുബന്ധം 2 ആയി ചേർക്കുന്നു<br><br>ഇടുക്കി ജില്ലയിലെ ദേവികുളം റെയ്ഞ്ചിലെ ചിന്നക്കനാൽ, ശാന്തപാറ ഭാഗത്ത് ജനവാസ മേഖലയിൽ സംഘർഷം സൃഷ്ടിക്കുന്ന അരിക്കൊമ്പൻ എന്ന പേരിൽ അറിയപ്പെടുന്ന കാട്ടാനയെ പിടിക്കുന്നതിനായി ചീഫ് വൈൽഡ് ലൈഫ് വാർഡൻ, കേരള-യുടെ 22.06.2017-ലെ ഡബ്ല്യു.എൽ.1-29528/2017 നമ്പർ ഉത്തരവ് പ്രകാരം ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ച് 23.07.2017 മുതൽ 28.07.2017 വരെ ഒരു ഓപ്പറേഷൻ നടത്തിയിരുന്നുവെങ്കിലും ആയത് പരാജയപ്പെടുകയാണുണ്ടായത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | ഡിവിഷൻ | റെയിഞ്ച് | പ്രദേശം |
|---|---|---|---|
| 1 | കണ്ണൂർ | കൊട്ടിയൂർ | ആറളം ഫാം |
| 2 | സൗത്ത് വയനാട് | കൽപ്പറ്റ | ആറാംമൈൽ, പൊഴുതന |
| 3 | സൗത്ത് വയനാട് | കൽപ്പറ്റ | വെങ്ങത്തോട്, പൊഴുതന |
| 4 | സൗത്ത് വയനാട് | കൽപ്പറ്റ | വട്ടവയൽ |
| 5 | സൗത്ത് വയനാട് | കൽപ്പറ്റ | കുപ്പാടിത്തറ, പടിഞ്ഞാറെത്തറ |
| 6 | സൗത്ത് വയനാട് | മേപ്പാടി | കൃഷ്ണഗിരി |
| 7 | സൗത്ത് വയനാട് | ചെതലത്ത് | മരക്കടവ് |
| 8 | സൗത്ത് വയനാട് | ചെതലത്ത് | ചീയമ്പം |
| 9 | സൗത്ത് വയനാട് | ചെതലത്ത് | നന്ദൻകൊല്ലി |
| 10 | സൗത്ത് വയനാട് | ചെതലത്ത് | മണ്ടകവയൽ |
| 11 | സൗത്ത് വയനാട് | ചെതലത്ത് | വാകേരി |
| 12 | സൗത്ത് വയനാട് | ചെതലത്ത് | പാറക്കടവ് |
| 13 | സൗത്ത് വയനാട് | ചെതലത്ത് | കല്ലുവയൽ |
| 14 | സൗത്ത് വയനാട് | ചെതലത്ത് | ബസവൻകൊല്ലി |
| 15 | സൗത്ത് വയനാട് | ചെതലത്ത് | സീതാമൗണ്ട് |
| 16 | സൗത്ത് വയനാട് | ചെതലത്ത് | പള്ളിച്ചിറ |
| 17 | സൗത്ത് വയനാട് | ചെതലത്ത് | എല്ലക്കൊല്ലി |
| 18 | നോർത്ത് വയനാട് | ബേഗൂർ | കുറുക്കൻമൂല, ജസി, പിലാക്കാവ്, ബാവലി |
| 19 | നോർത്ത് വയനാട് | പേര്യ | വരയാൽ സ്റ്റേഷൻ, വെള്ളരിപ്പാലം |
| 20 | നോർത്ത് വയനാട് | ബേഗൂർ | തലപ്പുഴ സ്റ്റേഷൻ ജസി-പിലാക്കാവ് |
| 21 | നോർത്ത് വയനാട് | മാനന്തവാടി | മക്കിയാട് സ്റ്റേഷൻ, പുതുശ്ശേരി |

അനുബന്ധം- 2

| സർക്കിൾ | ചെലവഴിച്ച തുക |
|---|---|
| സതേൺ സർക്കിൾ കൊല്ലം | 63,091.00 |
| ഹൈറേഞ്ച് സർക്കിൾ കോട്ടയം | 8,48,447.00 |
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 23,56,885.00 |
| നോർത്തേൺ സർക്കിൾ, കണ്ണൂർ. | 16,56,000.00 |
| വൈൽഡ്ലൈഫ് സർക്കിൾ, പാലക്കാട്. (ആർ.ആർ.റ്റി) | 10,82,345.00 |
| **ആകെ** | **60,06,768.00** |